## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*120 — 03.12.2018 ൽ മറുപടിക്ക്

### കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.എം. മുകേഷ്<br>ശ്രീ.എൻ. വിജയൻ പിള്ള | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | തോട്ടണ്ടി ലഭ്യതക്കുറവുകൊണ്ടും ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് തീരുവ ഏർപ്പെടുത്തിയതുകൊണ്ടും കേന്ദ്രസർക്കാരിന്റെ പൊതുനയങ്ങൾ കാരണവും കടുത്ത പ്രതിസന്ധി നേരിടുന്ന കശുവണ്ടി വ്യവസായത്തിന് ബാങ്കുകൾ വായ്പ നിഷേധിക്കുന്ന സാഹചര്യം കൂടിയുണ്ടായത് പ്രതിസന്ധി ഗുരുതരമാക്കിയിരിക്കുന്നതിനാൽ നിലപാട് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) | കേന്ദ്രസർക്കാർ തോട്ടണ്ടിയ്ക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് വഴി തോട്ടണ്ടിയുടെ വില കൂടുകയും, ലഭ്യത കുറയുകയും ചെയ്തു. ഇതിന്റെ ഫലമായി നിരവധി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെ അടച്ചിടേണ്ട സ്ഥിതി വന്നു. കശുവണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരുന്ന 5% ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണെന്ന് കണ്ടതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പമന്ത്രിയും ബഹു. മുഖ്യ മന്ത്രിയും കേന്ദ്ര സർക്കാരിന് കത്ത് അയച്ചിരുന്നു. 5% ഇറക്കുമതി ചുങ്കം 2018 കേന്ദ്ര ബഡ്ജറ്റിൽ 2.5% ആയി കുറച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിലവിലേർപ്പെടുത്തിയിരിക്കുന്ന ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കുകയാണെങ്കിൽ ചെറുകിട തോട്ടണ്ടി ഇറക്കുമതി വ്യവസായികൾക്കും അതുവഴി പരമ്പരാഗത ചെറുകിട സംസ്കരണ വ്യവസായത്തിനും ഏറെ ഗുണകരമാകും എന്നാണ് സർക്കാർ കരുതുന്നത്. ഇക്കാര്യത്തിൽ ഇനിയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്ന് ന്യായവിലയ്ക്ക് കശുവണ്ടി സംഭരിക്കുകയെന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച കാഷ്യൂബോർഡിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (ബി) | കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കി കഴിഞ്ഞു. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതുമേഖലയിലെ ഫാക്ടറികൾക്കും സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി വികസന ഏജൻസി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ (കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്) നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ RKVY-RAFTAAR |

| | | |
|---|---|---|
| | | സബ് സ്കീമിൽ ഉൾപ്പെടുത്തി 4000 ഹെക്ടർ പുതുകൃഷിയും 500 ഹെക്ടർ ഹൈ ഡെൻസിറ്റി പ്ലാൻറിംഗും നടപ്പിലാക്കി വരുന്നു. കൃഷി വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1** <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ X 7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്. അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധന സഹായം നൽകുന്നു.<br>**2** <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജ്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.<br>**3** <u>മുറ്റത്തൊരു കശുമാവ്</u> - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.<br>**4** <u>ഹൈ ഡെൻസിറ്റി പ്ലാൻറിംഗ്</u> - സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെ 5 മീറ്റർ X 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാൻറിംഗ് പ്രോജക്റ്റ് നടപ്പിലാക്കി വരുന്നു. തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധന സഹായം നൽകുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമേ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ